നടപ്പിലാക്കിവരുന്നു. നദികളിലെ നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുന്ന തിനുതകുന്നരീതിയിൽ തടയണകളുടെ നിർമ്മാണം, ഉപ്പ് വെള്ളം പ്രതിരോധി ക്കുന്നതിന് തടയണകൾ, റെഗുലേറ്ററുകൾ എന്നിവയുടെ നിർമ്മാണം, നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനായി നദീതട അടിസ്ഥാനത്തിൽ കുളങ്ങളുടെ നവീകരണം, സംഭരണശേഷി വർദ്ധിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. കായലുകൾ, തടാകങ്ങൾ എന്നിവയുടെ പരിപാലനത്തിനായി സി.ഡബ്ല്യു.ആർ.ഡി.എം. തയ്യാറാക്കിയിട്ടുള്ള മാനേജ്മെന്റ് ആക്ഷൻ പ്ലാൻ അനുസരിച്ചുള്ള പ്രവൃത്തികളും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ പൊതു കുളങ്ങളുടെ കണക്കെടുപ്പ് പൂർത്തീ കരിച്ചിട്ടുണ്ട്.

പയ്യന്നൂർ മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ

206 (871) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പയ്യന്നൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് പ്രവൃത്തി, തുക എന്നിവ തിരിച്ച് വിശദമാക്കാമോ ;

(ബി) മൈനർ ഇറിഗേഷൻ, ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

ഉത്തരം

(എ &ബി) ജലസേചന വകുപ്പ്

ക്രമ നം.	പ്രവൃത്തിയുടെ പേര്	തുക	നിലവിലുള്ള സ്ഥിതി
1	2	3	4
1	ചെറുപുഴ പഞ്ചായത്തിൽ മുതുവം തോടിന് കുറുകെ പള്ളം എന്ന സ്ഥലത്ത് വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം	23.94 ലക്ഷം	പ്രവൃത്തി പൂർത്തീകരിച്ചു.
2	ചെറുപുഴ പഞ്ചായത്തിൽ ചിറ്റാരി തോടിന് കുറുകെ പ്രൊപ്പെയിൽ എന്ന സ്ഥലത്ത് വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം	45.00 ലക്ഷം	പ്രവൃത്തി പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

1	2	3	4
3	രാമന്തളി പഞ്ചായത്തിൽ കുപ്പാടകത്തിൻ താഴെ (പൊയിൽകണം) കുളം നിർമ്മാണം	6.10 ലക്ഷം	പ്രവൃത്തി പൂർത്തീകരിച്ചു
4	നബാർഡ് RIDF-XVI കണ്ണൂർ ജില്ലയിൽ കാര്യാങ്കോട് പുഴയ്ക്ക് കുറുകെ ചെറുപുഴയിൽ ട്രാക്കൂർ വേയോടു കൂടിയ വെന്റഡ് ചെക്ക്ഡാം നിർമ്മാണം	725.00 ലക്ഷം	പ്രവൃത്തി പുരോഗമിക്കുന്നു.
5	ഒരു പഞ്ചായത്തിൽ ഒരു കുളം നവീകരണ പദ്ധതി എരമം കുറ്റൂർ പഞ്ചായത്തിൽ വെള്ളോക ചൂഴലി ഭഗവതി ക്ഷേത്രത്തിന് സമീപം വെള്ളോക പഴയകുളം നവീകരണം	35.00 ലക്ഷം	പ്രവൃത്തി പുരോഗമിക്കുന്നു
6	കങ്കോൽ ആലപ്പടമ്പ പഞ്ചായത്തിൽ വടശ്ശേരി മണലിൽ രാമന്തളിക്കുളം നവീകരണം	16.50 ലക്ഷം	പ്രവൃത്തി പുരോഗമിക്കുന്നു
7	ചെറുപുഴ പഞ്ചായത്തിൽ ഉമയംചാൽ എന്ന സ്ഥലത്ത് ഉമയം ചാൽ തോടിന് കുറുകെ വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം	40.00 ലക്ഷം	സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
8	നബാർഡ് RIDF-XX പെരിങ്ങോവയക്കര പഞ്ചായത്തിൽ കണ്ടുവാടി എന്ന സ്ഥലത്ത് കണ്ടുവാടി തോടിനു കുറുകെ വി.സി.ബി. കം. ബ്രിഡ്ജ് നിർമ്മാണം	38.00 ലക്ഷം	ഈ പ്രവൃത്തികളുടെ ടെണ്ടർ നടപടി ക്രമങ്ങൾ നടന്നു വരുന്നു.
9	നബാർഡ് RIDF-XX എരമംകുറ്റൂർ പഞ്ചായത്തിൽ തോക്കാട് എന്ന സ്ഥലത്ത് തോക്കാട് തോടിനു കുറുകെ വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം	45.00 ലക്ഷം	ഈ പ്രവൃത്തികളുടെ ടെണ്ടർ നടപടി ക്രമങ്ങൾ നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1	2	3	4
10	പെരിങ്ങോം വയക്കര പഞ്ചായത്തിൽ എരട്ടക്കുളം നവീകരണം	6.10 ലക്ഷം	ഈ പ്രവൃത്തിയുടെ ക്വട്ടേഷൻ അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
11	പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ തോട്ടം തടവിൽ തുക്കുപാലത്തിനു താഴെ കാക്കായ് ശ്രീ മുത്തപ്പൻ മടപ്പുരയ്ക്ക് അടുത്ത് പെരുമ്പ പുഴയുടെ വലതുകര സംരക്ഷണം	15.20 ലക്ഷം	പ്രവൃത്തി പൂർത്തീകരിച്ചു
12	പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ കാപ്പാടിൽ നിലവിലുള്ള സംരക്ഷണ ഭിത്തിയുടെ മുകൾഭാഗത്ത് പെരുമ്പപുഴയുടെ വലതുകര സംരക്ഷണം	10.75 ലക്ഷം	പ്രവൃത്തി പൂർത്തീകരിച്ചു
13	ഇരമംകുറ്റൂർ പഞ്ചായത്തിൽ ചരൽപാലയിൽ വണ്ണാത്തിപ്പുഴയ്ക്ക് കുറുകെ ചെക്ക് ഡാം നിർമ്മാണം	99.00 ലക്ഷം	ആദ്യ ടെണ്ടറിൽ കരാറുകാർ ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരള ജലഅതോറിറ്റി

ഈ സർക്കാർ അധികാരമേറ്റശേഷം പയ്യന്നൂർ മണ്ഡലത്തിലെ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

പ്രവൃത്തിയുടെ പേര്	ഭരണാനുമതി നൽകിയ തുക
1. എരമറ്റർ ഫേസ്-1- കടിവെള്ള പദ്ധതി	900 ലക്ഷം
2. എം.എൽ.എ. ആസ്തിവികസന ഫണ്ട് ഉപയോഗിച്ചുള്ള കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് - പുത്തൂർ കുടിവെള്ളപദ്ധതി	40 ലക്ഷം
3. 2015-ലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിപ്രകാരം രാമന്തളി പഞ്ചായത്തിലെ ചെറിച്ചിൽ പ്രദേശത്ത് പൈപ്പ്ലൈൻ നീട്ടി സ്ഥാപിക്കുന്ന പ്രവൃത്തി	3.45 ലക്ഷം
4. 2015-ലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിപ്രകാരം രാമന്തളി പഞ്ചായത്തിലെ പത്ത് സെന്റ് പ്രദേശത്ത് പൈപ്പ്ലൈൻ നീട്ടി സ്ഥാപിക്കുന്ന പ്രവൃത്തി	3.67 ലക്ഷം

ഭൂജല വകുപ്പ്

പയ്യന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

സ്ഥലത്തിന്റെ പേര്	പദ്ധതി	പദ്ധതി ഇനം	നടപ്പിലാക്കിയ വർഷം	ഗ്രാമ പഞ്ചായത്ത്	തുക
സ്വാമിമുക്ക്	കുടിവെള്ള പദ്ധതി	രാജീവ്ഗാന്ധി	2014-15	കരിവെള്ളൂർ-പെരളം	2,67,784
പരുത്തിക്കാട്	കുടിവെള്ള പദ്ധതി	വരൾച്ച (ജില്ല കളക്ടർ)	2014-15	രാമന്തളി	2,61,785
ഏഴിമല ടോപ്പ്	കുഴൽ കിണർ	രാജീവ് ഗാന്ധി	2013-15	രാമന്തളി	56,910
കണ്ണാടി പൊയിൽ	കുഴൽ കിണർ	രാജീവ് ഗാന്ധി	2013-15	എരമം-കുറ്റൂർ	58,800
ചിറ്റടി എസ്.ടി. കോളനി	കുഴൽ കിണർ	രാജീവ് ഗാന്ധി	2013-15	രാമന്തളി	57,540

ജലനിധി

പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ ജലനിധി രണ്ടാം ബാച്ചിൽ 32 പദ്ധതികൾ നടപ്പാക്കുന്നുണ്ട്. 31 സ്കീമുകൾക്കായി 7.68 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.